2026 ഫെബ്രുവരി 24 ചൊവ്വ, 12.30 PM ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന കില മൂപ്പത്തൊന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ്

കില എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സണും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ ശ്രീമതി ടിങ്കു ബിസ്വാൾ ഐ.എ.എസ് അധ്യക്ഷത വഹിച്ചു.

ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)

1. ശ്രീമതി ടി. വി. അനുപമ ഐ.എ.എസ്,
   സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. ജെറോമിക് ജോർജ് ഐ.എ.എസ്,
   പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ നിസാമുദ്ദീൻ.എ ഐ.എ.എസ്,
   ഡയറക്ടർ ജനറൽ, കില
4. ശ്രീ. ശ്രീനി. ജി,
   അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്

തീരുമാനങ്ങൾ

ഐറ്റം നമ്പർ 01

2025 ഒക്ടോബർ 29 ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുപ്പതാമത് യോഗത്തിന്റെ മിനിറ്റ്സ് സ്ഥിരീകരിക്കൽ.

തീരുമാനം

അംഗീകരിച്ചു

ഐറ്റം നമ്പർ 02

മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ

തീരുമാനം

29.10.2025 ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികൾ കമ്മിറ്റി വിലയിരുത്തി തൃപ്തി രേഖപ്പെടുത്തി.

ഐറ്റം നമ്പർ 3

കിലയുടെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ്

തീരുമാനം

അംഗീകരിച്ചു

ഐറ്റം നമ്പർ 4

GST പോർട്ടലിൽ 2022-23 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളുമായി ബന്ധപ്പെട്ട

ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) സംബന്ധിച്ച്

തീരുമാനം

സാധൂകരിച്ചു.

ഐറ്റം നമ്പർ 5

സർക്കാർ പ്രഖ്യാപിച്ച കേരള നഗര നയത്തിന്റെ തുടർച്ചയായി കില ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

തീരുമാനം

കില ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ ഒരു കുറിപ്പ് തയ്യാറാക്കി വകുപ്പ് തലത്തിൽ ചർച്ച നടത്തിയ ശേഷം പരിഗണിക്കാമെന്ന് തീരുമാനിച്ചു. പരിശീലനവും കാര്യശേഷി വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു. സെന്റർ ഫോർ അർബൻ ഗവേണൻസ് എന്നത് സ്കൂൾ ഓഫ് അർബൻ ഗവേണൻസ് എന്ന് പുനർനാമകരണം നടത്തുന്നതിന് അംഗീകാരം നൽകി.

ഐറ്റം നമ്പർ 6

കിലയുടെ വികസനത്തിനായി നെഗോഷിയേറ്റഡ് പർച്ചേസ് മുഖേന ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പുരോഗതിയും തുടർ നടപടികളും സംബന്ധിച്ച്.

തീരുമാനം

നെഗോഷിയേറ്റഡ് പർച്ചേസിന് സർക്കാർ ഉത്തരവ് ലഭിച്ചതായും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കമ്മിറ്റി ചേർന്ന് വില നിശ്ചയിച്ചു നൽകുന്നതിനുള്ള അപേക്ഷ റവന്യൂ വകുപ്പിന്റെ സർക്കുലർ നമ്പർ REV-B2/183/2023-REV dated 30.06.2025 പ്രകാരം ജില്ലാ കളക്ടർക്ക് നൽകിയ വിവരവും ഡയറക്ടർ ജനറൽ യോഗത്തെ അറിയിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ യോഗം ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ 7

കിലയിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നത് സംബന്ധിച്ച്

തീരുമാനം

Assistant Grade II ന്റെ 4 ഒഴിവുകളും Receptionist ന്റെ 1 ഒഴിവും H R പോളിസി പ്രകാരം നികത്തുന്നതിന് തീരുമാനിച്ചു. സൂപ്പർന്യൂമററി തസ്തികകളായ സൃഷ്ടിക്കപ്പെട്ട Gardener, Part Time Sweeper/Hostel Room Cleaner എന്നിവയിലെ ഒഴിവുകൾ നികത്തുവാൻ കഴിയാത്തതിനാലും ടി തസ്തികകളിലെ ജോലികൾ വളരെ അത്യാവശ്യമായതിനാലും ജോലി ആവശ്യകത കൃത്യമായി വിലയിരുത്തിയ ശേഷം അവശ്യം വേണ്ട ആളുകളെ മാത്രം കുടുംബശ്രീ മുഖേന ക്രമീകരണം നടത്തുന്നതിന് തീരുമാനിച്ചു.

ഐറ്റം നമ്പർ 8

ശ്രീമതി. സുകന്യ കെ. യു, റിസർച്ച് അസ്സോസിയേറ്റ് കരാർ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ച തിയതി മുതൽ നിരീക്ഷണ കാലം, വാർഷിക ശമ്പള വർദ്ധനവ് എന്നിവ നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ

തീരുമാനം

അപേക്ഷ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു

ഐറ്റം നമ്പർ 9

കില – കിഫ്ബി പദ്ധതി നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട്

തീരുമാനം

പ്രവർത്തന റിപ്പോർട്ട് വിലയിരുത്തി. സ്വീകരിച്ച നടപടികൾ സാധൂകരിച്ചു.

കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്ന retention money സൂക്ഷിക്കുന്നതിനായി തൃശ്ശൂർ ജില്ലാ ട്രഷറിയിൽ ഡയറക്ടർ ജനറലിന്റെ പേരിൽ കില പ്രൊജക്ട് മാനേജ്മന്റ് യൂണിറ്റിനായി പുതിയ ഒരു non interest account തുറക്കുന്നതിനു തീരുമാനിച്ചു.

ഐറ്റം നമ്പർ 10

തിരുവനന്തപുരം കില റീജിയണൽ സെന്ററിന്റെ ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയത് സംബന്ധിച്ച്

തീരുമാനം

സാധൂകരിച്ചു.

ഐറ്റം നമ്പർ 11

കില കോളേജ് ഓഫ് ഡിസെൻട്രലൈസേഷൻ ആൻഡ് ലോക്കൽ ഗവേണൻസ് (സി.ഡി.എൽ.ജി) പ്രവർത്തനങ്ങൾ സംബന്ധിച്ച്

തീരുമാനം

കഴിഞ്ഞ അദ്ധ്യയന വർഷങ്ങളിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണം കോളേജ് നടത്തിക്കൊണ്ട് പോകുന്നതിന് സാമ്പത്തികമായി പ്രായോഗികമല്ല എന്ന് യോഗം വിലയിരുത്തി. അടുത്ത അധ്യയന വർഷം ഒരു ബാച്ചിൽ 15 കുട്ടികളെയെങ്കിലും ലഭിക്കാത്ത പക്ഷം പുതിയ അഡ്മിഷൻ എടുക്കേണ്ടതില്ല എന്നും തീരുമാനിച്ചു. ഗവേർണിംഗ് കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ഐറ്റം നമ്പർ 12

ഓഫീസ് നടപടികളുടെ ഭരണപരമായ സൗകര്യത്തിനായി ഡയറക്ടർ ജനറൽ സ്വീകരിച്ച നടപടികളുടെ സാധൂകരണം സംബന്ധിച്ച്

A. കിലയിൽ ക്ഷാമബത്ത/ക്ഷാമാശ്വാസം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ച നടപടി
B. കിലയിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫുകൾക്ക് സ്ഥാനം കയറ്റം നല്കുന്നത് സംബന്ധിച്ച്
C. കില അക്കാദമിക സ്റ്റാഫുകൾക്ക് സ്ഥാനം കയറ്റം/പുതിയ നിയമനം നൽകുന്നത് സംബന്ധിച്ച്
D. കില ആസ്ഥാനത്തെ 'ഗ്രാമസ്വരാജ്', 'ഗ്രാമസഭ' പരിശീലന ഹാളുകളുടെ വാടക നിരക്ക് പുതുക്കിയത് സംബന്ധിച്ച്

തീരുമാനം

സാധൂകരിച്ചു.

ഐറ്റം നമ്പർ 13

A. കിലയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

B. കില C.H.R.D. യിലെ വിവിധ അംഗീകൃത തസ്തികകളിൽ ദിവസവേതന അടിസ്ഥാന ത്തിൽ പത്ത് വർഷത്തിലധികമായി സേവനം അനുഷ്ഠിച്ചു വരുന്നവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ പുനപരിശോധിക്കൽ

തീരുമാനം

അപേക്ഷകരുടെ സ്ഥിരനിയമന ആവശ്യം അംഗീകരിക്കുന്നത് ബഹു. കോടതി ഉത്തരവുകളുടെ ലംഘനവും തദ്വാരാ കോടതിയലക്ഷ്യവും ആകുമെന്നതിനാൽ സ്ഥിരംനിയമനം എന്ന ആവശ്യവും മുൻപ് സർക്കാർ നിരസിച്ച നടപടി പുനഃപരിശോധിക്കണം എന്ന ആവശ്യവും അംഗീകരിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

ഐറ്റം നമ്പർ 14

അധ്യക്ഷ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ

1. കില കാന്റീൻ നടത്തിപ്പ് - നിലവിലെ കരാർ കാലാവധി അവസാനിക്കുന്നത് - തുടർനടപടികൾ സംബന്ധിച്ച്

13.04.2023 ലെ കില എക്സിക്യൂട്ടിവ് കമ്മിറ്റി കുടുംബശ്രീ പ്രവർത്തനം ദാരിദ്ര്യ നിർമ്മാർജനത്തിനും സ്ത്രീശാക്തീകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനുമായി സർക്കാർ പ്രത്യേക മുൻഗണന നൽകി നടത്തുന്ന പരിപാടിയാണെന്നും ഇവ സാധ്യമാകണമെങ്കിൽ തുടർച്ച ആവശ്യമാണ് എന്നതും വിലയിരുത്തി 2015 മുതൽ കാന്റീൻ നടത്തി വന്ന വിജയശ്രീ കുടുംബശ്രീ യൂണിറ്റിന് 2023-24 സാമ്പത്തിക വർഷാരംഭം മുതൽ മൂന്ന് വർഷത്തേക്ക് കരാർ ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിക്കുകയും 31.03.2026 വരെ കരാർ പുതുക്കി നൽകിയിരുന്നുവെന്നും തുടർന്ന് കരാർ പതുക്കി നൽകുന്നതിനായി വിജയശ്രീ കുടുംബശ്രീ യൂണിറ്റ് വീണ്ടും അപേക്ഷ സമർപിച്ചിട്ടുണ്ടെന്നും ഡയറക്ടർ ജനറൽ യോഗത്തെ അറിയിച്ചു.

തീരുമാനം

നിലവിലെ നിരക്കിന് ഒരു വർഷത്തേക്ക് കൂടി കരാർ ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു.

യോഗം 1.45 PM ന് അവസാനിച്ചു

ടിങ്കു ബിസ്വാൾ ഐ.എ.എസ്
കില എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപെർസൻ
&പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ
വകുപ്പ്